പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 963 | 12/12/2012 -ൽ മറുപടിക്ക്

# തെങ്ങുകയറ്റ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.നാണു | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് തെങ്ങുകയറ്റ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ഇപ്പോൾ പ്രത്യേക ക്ഷേമനിധി പ്രവർത്തിക്കുന്നില്ല. എന്നാൽ തെങ്ങുകയറ്റ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000/- രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000/- രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ 2012-ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി മുഖേന 400/- രൂപ പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട്. |
| (ബി) ഏതെങ്കിലും തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷ തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ; | (ബി) LIC മുഖേന മരംകയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ തെങ്ങുകയറ്റ തൊഴിലാളികളും ഉൾപ്പെടും. കൂടാതെ RSBY, AABY പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് പ്രസ്തുത പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കുന്നുണ്ട്. |

| | |
|---|---|
| (സി) തെങ്ങുകയറുമ്പോൾ അപകടം സംഭവിച്ച് നിത്യരോഗികളായി തീർന്ന തൊഴിലാളികളുടെ ചികിത്സയ്ക്കും, കുടുംബാംഗങ്ങളുടെ സംരക്ഷണത്തിനുമായി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (സി) തെങ്ങുകയറുമ്പോൾ അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000/- രൂപ എക്സ്-ഗ്രേഷ്യാ ധന സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ അപകടത്തിൽപ്പെട്ട് തൊഴിൽ ചെയ്യാനാകാതെ ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് 2012-ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി മുഖേന 400/- രൂപ പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ